പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 849    30.06.2011- ൽ മറുപടിക്ക്

അരൂർ മണ്ഡലത്തിൽ കാലവർഷത്തിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.എം ആരിഫ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | കാലാവസ്ഥക്കെടുതിയിൽ അരൂർ നിയോജകമണ്ഡലത്തിൽ അനേകം റോഡുകൾ തകർന്നു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവ പുനരുദ്ധരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | (ബി)യും (സി)യും (ഡി)യും (ഇ)യും<br><br>നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ബന്ധപ്പെട്ട എം.എൽ.എമാരടക്കമുള്ള ജനപ്രതിനിധികൾ നിർദ്ദേശിക്കുന്നതിനനുസരിച്ചാണ് ഇത്തരം പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നത്. ഇത്തരം നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറക്ക് അരൂർ മണ്ഡലത്തിലെ പ്രവർത്തികൾക്കും അനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. ഇക്കാര്യത്തിൽ മാനദണ്ഡങ്ങൾക്കനുസരണമായി നടപടി കൈക്കൊള്ളുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. |
| (സി) | തകർന്ന റോഡുകൾ സമയബന്ധിതമായി പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കുന്നതിനായി ഓട നിർമ്മിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; | | |
| (ഇ) | അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ടുകൾ ഒഴിവാക്കുവാൻ ആവശ്യമായ പദ്ധതി തയ്യാറാക്കി സമർപ്പിച്ചാൽ ആയത് നടപ്പിലാക്കി ജനങ്ങളെ ദുരിതത്തിൽ നിന്നും രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

Raj

സെക്ഷൻ ഓഫീസർ